**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1337** **11-09-2023 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര മണ്ഡലത്തിലെ കെട്ടിട നിർമ്മാണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര മണ്ഡലത്തിലെ പുതിച്ചൽ സ്കൂൾ കെട്ടിട നിർമ്മാണം, പരണിയം സ്കൂൾ കെട്ടിട നിർമ്മാണം, അമരവിള എക്സൈസ് കോംപ്ലക്സ് നിർമ്മാണം, നെയ്യാറ്റിൻകര ഗവൺമെന്റ് പോളിടെക്നിക് കെട്ടിട നിർമ്മാണം എന്നിവയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (എ) | പൊതുമരാമത്ത് വകുപ്പ് കെട്ടിട ഉപവിഭാഗം നെയ്യാറ്റിൻകരയുടെ കീഴിൽ വരുന്ന പരണിയം സ്കൂൾ കെട്ടിട നിർമ്മാണത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരനുമായി എഗ്രിമെന്റ് വച്ച് സൈറ്റ് ഹാന്റ് ഓവർ ചെയ്തിട്ടുണ്ട്. അമരവിള എക്സൈസ് കോംപ്ലക്സ് നിർമ്മാണം എന്ന പ്രവൃത്തിയിൽ സ്ഥല പരിമിതി കാരണം പഴയ കെട്ടിടം പൊളിച്ചുമാറ്റി സ്റ്റാക്ക് ചെയ്ത മെറ്റീരിയൽസിന്റെ ലേലം നടത്തിയെങ്കിലും ആരും പങ്കെടുത്തിരുന്നില്ല പുനർ ലേല നടപടികളുമായി മുന്നോട്ട് പോവുകയാണ്. പുതുച്ചൽ സ്കൂൾ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. ഗവ. പോളിടെക്നിക് നെയ്യാറ്റിൻകരയുടെ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവൃത്തികളിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സം നേരിടുന്നുണ്ടോ; എങ്കിൽ ആയത് വിശദമാക്കാമോ? | (ബി) | പരണിയം സ്കൂൾ കെട്ടിട നിർമ്മാണം നടത്തേണ്ട സ്ഥലത്ത് ഒരു പഴയ toilet block സ്ഥിതി ചെയ്യുകയാണ്. അത് പൊളിച്ച് മാറ്റിയാൽ മാത്രമേ പ്രസ്തുത കെട്ടിടം നിർമ്മാണം ആരംഭിക്കാൻ സാധിക്കുകയുള്ളൂ.<br><br>അമരവിള എക്സൈസ് കോംപ്ലക്സ് നിർമ്മാണം എന്ന പ്രവൃത്തിയിൽ സ്ഥല പരിമിതി കാരണം പഴയ കെട്ടിടം പൊളിച്ചുമാറ്റി സ്റ്റാക്ക് ചെയ്ത മെറ്റീരിയൽസിന്റെ ലേല നടപടികൾ പൂർത്തിയായാൽ മാത്രമേ പുതിയ കെട്ടിടനിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ